# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *143 — 13.06.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എളമരം കരീം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.വി.വിജയദാസ് | ഡോ.എം.കെ.മുനീര്‍<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 2013-14 വര്‍ഷത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിനെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കാമോ ; ഒന്നാം വാര്‍ഷിക പദ്ധതിയുടെ സ്പില്‍ ഓവര്‍ പ്രോജക്ടുകള്‍ ഉള്‍പ്പെടെ പദ്ധതിയില്‍ ഉള്‍പ്പെട്ട മുഴുവന്‍ പ്രോജക്ടുകളും വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ ; എങ്കില്‍ വിശദീകരിക്കാമോ ; | എ) 2013-14 വര്‍ഷത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവിനെ സംബന്ധിച്ച വിവിധതലങ്ങളില്‍ അവലോകനം നടത്തിയിട്ടുണ്ട്. ആസൂത്രണ വകുപ്പിന് ലഭ്യമായ താല്‍ക്കാലിക കണക്കനുസരിച്ച് 2013-14 സാമ്പത്തിക വര്‍ഷത്തില്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് അനുവദിച്ച 4000 കോടി രൂപയില്‍ മുന്‍ വര്‍ഷത്തെ നീക്കിയിരുപ്പ് ഉള്‍പ്പെടെ 4021.60 കോടി രൂപ (101%) ചെലവഴിച്ചിട്ടുണ്ട്. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് അനുവദിക്കപ്പെട്ട തുകയില്‍ നിന്നും വകമാറ്റല്‍ നടത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങള്‍ നല്‍കാമോ ; | ബി) സര്‍ക്കാര്‍തലത്തില്‍ വകമാറ്റിയിട്ടില്ല. എന്നാല്‍ എം.ജി.എന്‍.ആര്‍.ഇ.ജി.എസ്. തൊഴില്‍ വേതനം / കേരള വാട്ടര്‍ അതോറിറ്റിയ്ക്കുള്ള വെള്ളക്കരം തുടങ്ങിയവ നല്‍കുന്നതിന് വിനിയോഗിക്കണമെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങള്‍ക്ക് പലപ്പോഴായി ഉത്തരവ് നല്‍കിയിട്ടുണ്ട്. |
| സി) പദ്ധതി തുക ചെലവഴിക്കാതെ വന്നിട്ടുണ്ടോ ; ഇത് വകമാറ്റാന്‍ ഇടയാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | സി) പൂര്‍ണ്ണമായും ചെലവഴിക്കാന്‍ സാധ്യതയില്ലെന്ന് കരുതുന്ന ഫണ്ടുകള്‍ (വികസന - സംരക്ഷണ) സംസ്ഥാനതലത്തില്‍ നിര്‍ദ്ദേശിക്കുന്ന പ്രവര്‍ത്തനങ്ങളുടെ നിര്‍വ്വഹണത്തിനായി ചെലവഴിക്കാമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിര്‍ദ്ദേശിക്കാറുണ്ട്.<br>ഉദാഃ എം.ജി.എന്‍.ആര്‍.ഇ.ജി.എസ്-ലെ വേതന കുടിശ്ശിക. |

സെക്ഷന്‍ ഓഫീസര്‍